ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇതിലേക്ക് ഒരു ഫണ്ടുണ്ടായിരിക്കണമെന്നും, സ്പെസിഫിക്കായിട്ട് ഒരു പ്ലാൻ വേണമെന്നുമാണ് ഈ വിഭാഗത്തിലുള്ള ഡവലപ്പ്മെൻറിനെ സംബന്ധിച്ചിടത്തോളം ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൻറെ പണി ഈയാണ്ടിൽതന്നെ തുടങ്ങുന്നതാണ്.

ശ്രീ. ഇ. പി. പൗലോസ്: ഈ പദ്ധതി പ്രായോഗികമാണെന്നു തന്നെ ഗവൺമെണ്ടു വിചാരിക്കുന്നുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിനെപ്പറ്റി ഒരു അവസാനതീരുമാനം ഗവൺമെണ്ടു ചെയ്തിട്ടില്ലെങ്കിലും മിക്കവാറും പ്രായോഗികമായിരിക്കുമെന്നാണ് ഗവൺമെണ്ടിൻറെ വിശ്വാസം.

ശ്രീ. വി. കെ. ജോസഫ്: പിന്നത്തെ ചോദ്യം ചോദിക്കുന്നില്ല.

ജലസേചനപദ്ധതി

*൩൫൩. (൨൭) ശ്രീ. വി. കെ. ജോസഫ്: താഴെ കൊടുക്കുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചാലക്കുടി നദീജലസേചനപദ്ധതിപ്രകാരമുള്ള പ്രധാനതോട്ടുകളുടെ സർവ്വെ പൂർത്തിയായിക്കഴിഞ്ഞുവോ;

(ബി) ഇല്ലെങ്കിൽ അതു് എന്നത്തേക്ക് തീരും;

(സി) എത്ര മൈൽ നീളത്തിൽ ഇപ്പോൾ മെയിൻ തോട് പണികഴിഞ്ഞു;

(ഡി) പ്രധാനതോടിൻറെ പണി കഴിഞ്ഞിട്ടുള്ള സ്ഥലത്തു കൈത്തോടുകൾകൂടി ഒപ്പം പണി കഴിക്കുന്നുണ്ടോ?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) സർവ്വെ പൂർത്തിയായിട്ടുണ്ട്.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) പത്തു മൈൽ വലത്തെ മെയിൻ കനാലും മൂന്നര മൈൽ ഇടത്തെ കനാലും പണികഴിച്ചു പൂർത്തിയാക്കാറായി.

(ഡി) മുന്നു കൈത്തോടുകൾ മാത്രം ചെയ്യുകഴിഞ്ഞു.

ശ്രീ. വി. കെ. ജോസഫ്: ചാലക്കുടി ജലസേചനപദ്ധതിപ്രകാരമുള്ള തോടുകളുടെ പണി ആരംഭിച്ചുകഴിഞ്ഞുവോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ചാലക്കുടി ഡൈവർഷൻ സംബന്ധിച്ചു ജോലി തുടങ്ങിയിട്ടുണ്ട്.

ശ്രീ. വി. കെ. ജോസഫ്: ഇപ്പോൾ മുന്നുനാലു മാസങ്ങളായി ആ ജോലി ശരിക്കു നടക്കുന്നില്ലെന്നുള്ളതു ഗവൺമെണ്ടിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: പെട്ടിട്ടില്ല. ജോലി നടന്നുകൊണ്ടിരിക്കുന്നതായിട്ടാണ് ഗവൺമെണ്ടിൻറെ അറിവ്.

ശ്രീ. വി. കെ. ജോസഫ്: അതിനെപ്പറ്റി അന്വേഷിക്കാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അന്വേഷിക്കാം.

കരിഞ്ചന്ത

*൩൫൪. (൨൮) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

കരിഞ്ചന്ത തടയുന്നതിനു ഗവൺമെണ്ടു വല്ല നടപടിയും എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഉണ്ട്.

ശ്രീ. കെ. കെ. വിശ്വനാഥൻ: എത്രപേരെ അറസ്റ്റുചെയ്തിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏഴു പേരോളം അറസ്റ്റുചെയ്തിട്ടുണ്ടെന്നാണ് അറിയുന്നത്.

ശ്രീമതി ദേവകി ഗോപിദാസ്: കുട്ടികളുടെ പൊതിച്ചോറു പിടിച്ചെടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല. പരിശോധിച്ചിട്ടുണ്ടാകും.

ശ്രീമതി ദേവകി ഗോപിദാസ്: കോട്ടയത്തു് ഇങ്ങനെയൊരു സംഭവം നടന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവൺമെണ്ടു് ഓർഡർ പ്രകാരം അങ്ങനെയൊന്നും ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സംഗതി ഏതോ ഒരു ക്രാന്തൻ ചെയ്തതാണെന്നാണ് അറിയുന്നതു്.

ശ്രീമതി ദേവകി ഗോപിദാസ്: ചിലപ്പോൾ ആ പോലീസുകാരൻ ക്രാന്തനായിരിക്കുമോ?

(ഉത്തരമില്ല)

ഉച്ചഭക്ഷണം

*ന്യ വ്യവ. (ഫൻ) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സ്കൂളുകളിൽ കുട്ടികൾക്കു് ഉച്ചഭക്ഷണം കൊടുക്കുവാനുള്ള ഏർപ്പാടു് ഇപ്പോഴും ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എല്ലാ സ്കൂളുകളിലും അങ്ങനെ ചെയ്യുന്നുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) എല്ലാ സ്കൂളുകളിലും ഇല്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഇപ്പോൾ എത്ര കുട്ടികൾക്കു് ഉച്ചഭക്ഷണം നൽകുന്നുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുവേണം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതിലേക്കു് അനുവദിച്ചിട്ടുള്ള സംഖ്യ ശരിയായി വിനിയോഗിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശരിയായി വിനിയോഗിച്ചിരിക്കും. പക്ഷേ അല്പസ്വല്പം വല്ല കുറവുകളും കണ്ടേക്കാം.

ശ്രീ. പി. സി. ഖാദിച്ചൻ: ഉച്ചഭക്ഷണം നൽകുന്നതിനു് മാത്രം സ്കൂളുകളിലും ഒരേയാണു് മുതലപ്പെട്ടത്തിയിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാതു സ്കൂളുകളിലെ വാദ്ധ്യാന്മാരെ.

ശ്രീ. പി. സി. ഖാദിച്ചൻ: ഉച്ചഭക്ഷണത്തിന്റെ പേരിൽ കുട്ടികളെക്കൊണ്ടു വിറകു മറ്റും കൊണ്ടുവരണമെന്നു വാദ്ധ്യാന്മാർ ആവശ്യപ്പെടാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly